മ ത്താ . 10 : 16 – 33

**2024 ജൂൺ 16**

# വചനഭാഷ്യം

**ഡോ. ജോഷി പുതുശ്ശേരി**

## ഒരേ ദൗത്യവും ഒരേ വിധിയും

ക്രിസ്തീയ ജീവിതത്തിലെ ഒഴിച്ചുകൂടാനാവാത്ത ഘടകങ്ങളിലൊന്നാണ് പ്രേഷിത പ്രവർത്തനം. ക്രിസ്തുവിന്റെ രണ്ടാമത്തെ ആഗമനംവരെ തുടരേണ്ട ഈ ശുശ്രൂഷയിൽ പങ്കാളികളാകുന്നവർക്കുള്ള ഉപദേശങ്ങളാണ് മത്തായി സുവിശേഷത്തിലെ രണ്ടാമത്തെ ദീർഘപ്രബോധനമായ പ്രേഷിത പ്രഭാഷണം (10:1–42). ജനക്കൂട്ടത്തെക്കണ്ട് അലിവുതോന്നിയ യേശു പന്ത്രണ്ട് അപ്പസ്തോലന്മാരെ തിരഞ്ഞെടുത്ത് അയയ്ക്കുന്നു (9:36–10:4). ഈ പശ്ചാത്തലത്തിൽ, പ്രേഷിത ദൗത്യത്തിന്റെ ഉള്ളടക്കത്തെയും പ്രവർത്തന രീതികളെയും കുറിച്ചു വിവരിക്കുകയാണ് പ്രഭാഷണത്തിന്റെ ആദ്യഭാഗം (10:1–15). തുടർന്ന് 16 മുതൽ 33 വരെയുള്ള വാക്യങ്ങൾ, പ്രേഷിതപ്രവർത്തനത്തിൽ നേരിടേണ്ടി വരാവുന്ന എതിർപ്പുകളെയും പീഡനങ്ങളെയും അവയ്ക്കിടയിലും നിർഭയത്തോടെ നല്കേണ്ട സാക്ഷ്യത്തെയും കുറച്ചുള്ള യേശുവിന്റെ തുറന്നു പറച്ചിലാണ്. മോഹനവാഗ്ദാനങ്ങൾ നല്കി അണികളെ കൂടെ കൂട്ടുന്നവർക്കിടയിൽ, അനിതരസാധാരണമായ സത്യസന്ധതയോടെ വ്യത്യസ്തനാവുകയാണ് ക്രിസ്തു. ആദിമ സഭ അനുഭവിക്കേണ്ടി വന്ന പീഡനങ്ങളെക്കുറിച്ചുള്ള സൂചനകളും (10:17–15) മനുഷ്യപുത്രന്റെ ആഗമനത്തെക്കുറിച്ചുള്ള പരാമർശവും (10:23) അപ്പസ്തോലന്മാർക്കു മാത്രമല്ല, ക്രിസ്തുവിശ്വാസത്തിലേക്ക് കടന്നുവന്ന് അവന്റെ സാക്ഷികളാവുന്ന സകലർക്കുമുള്ള മുന്നറിയിപ്പാണ് ഈ വാക്കുകളെന്ന് വ്യക്തമാക്കുന്നു.

പിതാവിനാൽ അയയ്ക്കപ്പെട്ട യേശു നിർവഹിച്ച ദൗത്യം തന്നെയാണ് പുത്രനാൽ അയയ്ക്കപ്പെടുന്നവരും നിർവഹിക്കേണ്ടത്. യേശുവിനെപ്പോലെ (9:35) സുവിശേഷം പ്രസംഗിക്കുവാനും സ്വർഗരാജ്യത്തിന്റെ അടയാളമായി രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തുവാനും തിന്മയുടെ ആത്മാക്കളെ ബഹിഷ്കരിക്കുവാനുമാണ് ശിഷ്യരും ചുമതലപ്പെടുത്തപ്പെട്ടത് (10:1; 7–8). ദൗത്യനിർവഹണത്തിൽ യേശു നേരിടേണ്ടി വന്ന അതേ നിഷേധാത്മക പ്രതികരണം അവനു സാക്ഷ്യം വഹിക്കുന്നവരെയും കാത്തിരിക്കുന്നു. പിശാചുക്കളുടെ തലവനായ ബേൽസെബൂലെന്ന് അവൻ വിളിക്കപ്പെട്ടെങ്കിൽ (9:34; 12:24–27), സാത്താനിക പ്രവൃത്തികൾ ചെയ്യുന്നവരെന്ന് അവന്റെ ശിഷ്യരും ആരോപിതരാകും (10:25). അവനു പലായനം ചെയ്യേണ്ടി വരികയും (2:14–15) പ്രവർത്തന മേഖല കളിൽ നിന്നു പിൻവാങ്ങേണ്ടി വരികയും (12:14–15) ചെയ്തതുപോലെ ശിഷ്യരും ഓടിപ്പോകേണ്ടി വരും (10:23). സ്വന്തക്കാരാൽ ഒറ്റിക്കൊടുക്കപ്പെടുകയും (26;49) മരണത്തിന് ഏല്പിച്ചു കൊടുക്കപ്പെടുകയും (27:22–23) ചെയ്ത അവന്റെ അനുഭവം അവരുടേതുമാകും (10:21). അവനെപ്പോലെ (26:57–68) അവരും ന്യായാധിപസംഘങ്ങൾക്കു മുമ്പിൽ നില്ക്കേണ്ടി വരും (10:17). അവൻ ചമ്മട്ടിയടിയേറ്റതുപോലെ (27:26) അവരും ശാരീരിക അക്രമത്തിനു വിധേയരാകും (10:17). വിജാതീയ ഭരണാധികാരിയായ പീലാത്തോസിന് അവൻ ഏല്പിക്കപ്പെട്ടതുപോലെ (27:2) നാടുവാഴികളുടെയും രാജാക്കന്മാരുടെയും സന്നിധിയിലേക്ക് അവരും വലിച്ചിഴയ്ക്കപ്പെടും (10:18). അന്യായമായ വിധി തീർപ്പുകളാൽ അവൻ വധിക്കപ്പെട്ടതുപോലെ (27:26–50) അവരും വധിക്കപ്പെടും (10:21). ''ശിഷ്യൻ ഗുരുവിനേക്കാൾ മേലെയല്ല'' (10:24). അതിനാൽ തന്നെ യേശുവിന്റെ ദൗത്യത്തിൽ പങ്കുചേരുന്നവർ അവന്റെ സഹനത്തിലും പങ്കുചേരുക തന്നെ വേണം. ക്രിസ്തുവിനും നീതിക്കുംവേണ്ടി നിലപാടുകളെടുക്കുന്നവർ പീഡിപ്പിക്കപ്പെടുമെന്നത് സുവിശേഷത്തിലുടനീളം യേശു ആവർത്തിച്ചു വ്യക്തമാക്കിയിട്ടുള്ളതാണ് (5:10–12; 23:34–35). അതിനാൽ, പീഡനങ്ങൾ നാം ക്രിസ്തുപക്ഷത്താണെന്നതിന്റെ തെളിവുകളാണ്. എന്റെ ക്രിസ്തീയജീവിതം സുരക്ഷിതവും സുഭിക്ഷവും സന്തോഷകരവും മാത്രമായാണ് മുന്നോട്ടു പോകുന്നതെങ്കിൽ ഞാൻ ക്രിസ്തുവിനുതന്നെയാണോ സാക്ഷ്യം വഹിക്കുന്നതെന്ന് ആത്മശോധന ചെയ്യപ്പെടേണ്ടതുണ്ട്.

ക്രിസ്ത്യാനി നേരിടേണ്ടി വരുന്ന എല്ലാ പീഡനങ്ങളും ക്രിസ്തുവിന്റെ പരിഗണന വിഷയമാകുന്നില്ല എന്നത് ശ്രദ്ധാർഹമാണ്. 'എന്നെ പ്രതി' (10:18), 'എന്റെ നാമം മൂലം' (10:22) എന്നീ വിശേഷണങ്ങളോടെയാണ് യേശു സംസാരിക്കുന്നത്. അവന് 'സാക്ഷ്യം' വഹിക്കുന്നതു മൂലമുള്ള (10:16) പീഡനങ്ങൾ മാത്രമാണ് പരാമർശിതം. അഷ്ടസൗഭാഗ്യങ്ങളിൽ ഭാഗ്യം കൊണ്ടുവരുന്നതായി യേശു പറഞ്ഞുവയ്ക്കുന്നതും ഇക്കാര്യം തന്നെയാണ്: ''നീതിക്കുവേണ്ടി പീഡനമേല്ക്കുന്നവർ ഭാഗ്യവാന്മാർ... എന്നെപ്രതി മനുഷ്യർ നിങ്ങളെ അവഹേളിക്കുകയും പീഡിപ്പിക്കുകയും എല്ലാവിധ തിന്മകളും

നിങ്ങൾക്കെതിരെ വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ അനുഗ്രഹീതർ'' (5:10–11). അതിനാൽ തന്നെ, ഭൗതികവും സാമൂഹ്യവുമായ തലങ്ങളിൽ സഭാ സ്ഥാപനങ്ങൾ ക്കും അധികാരികൾക്കുമെതിരെ യുയരുന്ന ആരോപണങ്ങളെയെല്ലാം മതപീഡനത്തിന്റെ ലേബലിലേക്കാക്കാനുള്ള വ്യഗ്രത വിലയിരുത്തപ്പെടേണ്ടതുണ്ട്.
സാക്ഷ്യശുശ്രൂഷയിലെ പീഡനങ്ങളെയൊന്നും നിഷേധാത്മകമായല്ല സ്വീകരിക്കേണ്ടതെന്ന് വചനം വ്യക്തമാക്കുന്നു. സർപ്പങ്ങളുടെ വിവേകത്തോടെ പ്രതികൂല സാഹചര്യങ്ങളെ വിവേചിച്ചറിയുമ്പോഴും അവയെപ്പോലെ വിഷം ചീറ്റുകയല്ല; പ്രാവിന്റെ നിഷ്ക്കളങ്കതയോടെ പ്രതികരിക്കുകയാണ് വേണ്ടത് (10:16). വിജാതീയ കോടതികളിലും ഭരണാധികാരികളുടെ മുമ്പിലും ഏല്പിക്ക പ്പെടുന്നതിനെ ക്രിസ്തീയ സാക്ഷ്യം നല്കാനുള്ള അവസരമായി കാണണം (10:18). പിതാവിന്റെ ആത്മാവ് ശിഷ്യരിലൂടെ സംസാരിക്കുന്ന വിശുദ്ധ നിമിഷങ്ങളാണവ (10:20). പീഡിപ്പിക്കപ്പെടുന്നിടത്തുനിന്നുള്ള പലായനം കൂടുതൽ സ്ഥലങ്ങളിലേക്ക് ക്രിസ്തുവിശ്വാസം എത്തിക്കാനുള്ള നിയോഗമാകണം (10:23). എത്ര തിരിച്ചടികളേറ്റാലും ക്രിസ്തുവിനെയും അവൻ വെളിപ്പെടുത്തിയ സത്യത്തെയും ഭയം കൂടാതെ പ്രഘോഷിക്കാനാകണം. കാരണം, അവസാനം വരെ സഹിച്ചു നിൽക്കുന്നവനാണ് രക്ഷിക്കപ്പെടുന്നത് (10:22). ഗുരുവിന്റെ ദൗത്യത്തിലേക്കും അവന്റെ സഹനത്തിലേക്കും മാത്രമല്ല ഉത്ഥിതനായ അവന്റെ മഹത്വത്തിലേക്കും പിതാവിനോടുള്ള നിത്യജീവിതത്തിലേക്കും കൂടെയാണ് ക്രിസ്തുശിഷ്യർ വിളിക്കപ്പെട്ടിരിക്കുന്നത് (10:32–33). എ